## പതിനഞ്ചാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 ജനുവരി 23, വ്യാഴം

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### വാങ്മൂലം നൽകിയ ഉത്തരങ്ങൾ

(ബ്രാക്കറ്റിൽ കൊടുത്തിരിക്കുന്ന നമ്പർ ഈ സമ്മേളനത്തിൽ അനുവദിച്ച ചോദ്യങ്ങളുടെ നമ്പറിനെ സൂചിപ്പിക്കുന്നു.)

1 (*1) <u>വയനാട് പാക്കേജിന് ലഭിച്ച തുക</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്ക് 17-01-2025 വരെ 712.98 കോടി രൂപ ലഭിച്ചിട്ടുണ്ടെന്നും ടി തുക ദുരന്തബാധിതർക്കായി വിനിയോഗിച്ചുവരുന്നുണ്ടെന്നും സമയബന്ധിതമായി പുനരധിവാസം പൂർത്തീകരിക്കാനാണ് സർക്കാർ

ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ദുരന്തബാധിതരെ പുനരധിവസിപ്പിക്കുന്നതിനായി നെടുമ്പാല, എൽസ്റ്റോൺ എസ്റ്റേറ്റുകളിൽ മോഡൽ ടൗൺഷിപ്പ് നിർമ്മിക്കുന്നതിന് KIIFCON-നെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ്/എംപ്ലോയർ പ്രതിനിധിയായും ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ എഞ്ചിനീയറിംഗ് പ്രൊക്വയർമെന്റ് ആൻഡ് കൺസ്ട്രക്ഷൻ കരാറുകാരായും നിയമിച്ചിട്ടുണ്ട്. ഭാവിയിൽ ഒരുനില കൂടി നിർമ്മിക്കാൻ കഴിയുന്ന തരത്തിൽ 1000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടും അങ്കണവാടി, പോസ്റ്റ് ഓഫീസ്, ആശുപത്രി, മാലിന്യ സംസ്കരണ സംവിധാനം, കമ്മ്യൂണിറ്റി ഹബ്ബ്, പാർക്ക്, മറ്റു സാമൂഹിക പശ്ചാത്തലങ്ങൾ എന്നിവയും അടങ്ങുന്ന സമഗ്ര പുനരധിവാസ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടത്തിനായി സ്പെഷ്യൽ ഓഫീസറെ നിയമിച്ചിട്ടുണ്ട്. ദുരന്തത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട കുടുംബങ്ങളെ ഒന്നാംഘട്ട ലിസ്റ്റിലും വാസയോഗ്യമല്ലാത്ത സ്ഥലങ്ങളിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ രണ്ടാംഘട്ട ലിസ്റ്റിലും ഉൾപ്പെടുത്തി പുനരധിവാസം നടപ്പാക്കുന്നതാണ്. നിർദ്ദിഷ്ട ടൗൺഷിപ്പിന് പുറത്ത് താമസിക്കാൻ ആഗ്രഹിക്കുന്ന ദുരന്തബാധിത കുടുംബങ്ങൾക്ക് 15 ലക്ഷം രൂപ വീതം

അനുവദിക്കുന്നതാണ്. ടൗൺഷിപ്പ് പദ്ധതി നടത്തിപ്പിനായി മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ വയനാട് പുനർനിർമ്മാണ സമിതി, മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, പ്രമുഖ സ്പോൺസർമാർ എന്നിവരടങ്ങുന്ന ഉപദേശക സമിതി, ചീഫ് സെക്രട്ടറി ചെയർപേഴ്സണായ ഏകോപന സമിതി എന്നിവ രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പുനരധിവാസ പദ്ധതിക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി, എസ്.ഡി.ആർ.എഫ്., സ്പോൺസർഷിപ്പ്, സി.എസ്.ആർ ഫണ്ട്, കേന്ദ്രസഹായം എന്നിവ വിനിയോഗിക്കുകയും വ്യക്തികൾ, സംഘടനകൾ എന്നിവരിൽനിന്നും സ്പോൺസർഷിപ്പ് സ്വീകരിക്കുന്നതിന് ഒരു സ്പോൺസർഷിപ്പ് ഫ്രെയിം വർക്കിന് അംഗീകാരം നൽകുകയും ഒരു dedicated ബാങ്ക് അക്കൗണ്ട് തുറക്കുന്നതിന് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ദുരന്തത്തെ അതിതീവ്ര ദുരന്തമായി കേന്ദ്രസർക്കാർ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ എം.പി-മാരുടെ വികസന ഫണ്ടിൽനിന്നുൾപ്പെടെ കൂടുതൽ ധനസഹായവും പി.ഡി.എൻ.എ. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസഹായവും ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് മുഖ്യമന്ത്രി അറിയിച്ചു. പുനരധിവാസം സാധ്യമാകുന്നതുവരെ ദുരന്തബാധിതർക്ക് വീട്ടുവാടക നൽകുന്നത്

തുടരുന്നതാണെന്നും ദിനബത്ത തുടർന്ന് നൽകുന്ന കാര്യം പരിശോധിക്കുന്നതാണെന്നും പുനരധിവാസ പാക്കേജിന്റെ ഒന്നാംഘട്ട കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടെന്നും 2221 കോടി രൂപയുടെ സഹായമാണ് കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുള്ളതെന്നും ദുരന്തസാധ്യത മുൻകൂട്ടി കണ്ടെത്തുന്ന സ്ഥലങ്ങളിൽനിന്നും ആളുകളെ മാറ്റിത്താമസിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

2 (*2) <u>എക്സൈസ് വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, എക്സൈസ് വകുപ്പിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ടെന്നും ഈ സർക്കാരിന്റെ കാലയളവിൽ 69236 അബ്കാരി കേസുകളും 24670 എൻ.ഡി.പി.എസ്. കേസുകളും 289219 കോട്പ കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും അബ്കാരി കേസുകളിൽ 56204 പേരെയും എൻ.ഡി.പി.എസ്. കേസുകളിൽ 24124 പേരെയും അറസ്റ്റ്

ചെയ്തിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വകുപ്പിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് 66 മഹേന്ദ്ര ബൊലോറോ വാഹനങ്ങൾ വാങ്ങുകയും ആശയവിനിമയം വേഗത്തിലാക്കുന്നതിന് ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ ജില്ലകളിൽകൂടി ഡിജിറ്റൽ വയർലസ്സ് സിസ്റ്റം സ്ഥാപിക്കുകയും ആയുധശേഷി വർധിപ്പിക്കുന്നതിന് പിസ്റ്റലുകളും തിരകളും വാങ്ങുകയും ചെയ്തിട്ടുണ്ട്. മയക്കുമരുന്നിന്റെ ഉപയോഗം കണ്ടെത്തുന്നതിന് 1700 ഡ്രഗ് ഡിറ്റക്ഷൻ കിറ്റുകളും അവ തരം തിരിച്ചറിയുന്നതിന് 144 കിറ്റുകളും വാങ്ങുകയും കേസുകളിലെ ശാസ്ത്രീയ അന്വേഷണം സുഗമമാക്കുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടിയ നാല് ചോദ്യം ചെയ്യൽ മുറികൾ സ്ഥാപിക്കുകയും ആധുനിക സൈബർ ഫോറൻസിക് ഉപകരണങ്ങളും സി.ഡി.ആർ. അനലൈസറുകളും വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. ചെക്ക്പോസ്റ്റുകളിൽ സി.സി.ടി.വി. സിസ്റ്റം, കേന്ദ്രീകൃത മോണിറ്ററിങ് സംവിധാനം എന്നിവ സ്ഥാപിക്കുകയും കൂട്ടുപുഴ, വാളയാർ എക്സൈസ് ചെക്ക്പോസ്റ്റുകളിലെ കാലപ്പഴക്കംചെന്ന കണ്ടെയ്നർ മൊഡ്യൂളുകൾ മാറ്റിസ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ചുള്ള മയക്കുമരുന്ന് കുറ്റകൃത്യങ്ങൾ തടയുന്നതിന് പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും

അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേക്ക് മദ്യം, മയക്കുമരുന്ന് എന്നിവ കടത്തുന്നത് തടയുന്നതിന് കേരള എക്സൈസ് മൊബൈൽ ഇന്റർവെൻഷൻ യൂണിറ്റ് (കെമു) എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന നാല് മൊബൈൽ പട്രോളിംഗ് യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾക്കാവശ്യമായ ലാത്തി, ഹാൻഡ് കഫ്, കുട, റെയിൻ കോട്ട്, ടോർച്ച്, സിഗ്നൽ ലൈറ്റ് ബാറ്റൺ, ട്രാഫിക് കോൺ, റിഫ്ളക്ടീവ് ജാക്കറ്റ്, ബീച്ച് അംബ്രല്ല, ടേപ്പ്, അണ്ടർ വെഹിക്കിൾ മിറർ മുതലായവ ഫീൽഡ് ഓഫീസുകൾക്ക് ലഭ്യമാക്കുകയും തൊണ്ടി സാധനങ്ങൾ സൂക്ഷിക്കുന്നതിനും പിടിച്ചെടുക്കുന്ന വാഹനങ്ങളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും 86 എക്സൈസ് റേഞ്ച് ഓഫീസുകളിൽ സി.സി.ടി.വി. സിസ്റ്റം സ്ഥാപിക്കുകയും പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിന് മാമല എക്സൈസ് റെയ്ഞ്ച് ഓഫീസിൽ ഒരു വെഹിക്കിൾ യാർഡ് സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പരിശീലനവും ആധുനിക ഉപകരണങ്ങളും നൽകി ഐ.ടി. സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കിയിട്ടുണ്ട്. പിടിച്ചെടുക്കപ്പെട്ട ലഹരി വസ്തുക്കൾ Narcotic Drugs and Psychotropic Substances and Conveyances Disposal Committee-യുടെ അനുമതിയോടെ നശിപ്പിക്കുന്നതിനും ഇന്ത്യൻ

നിർമ്മിത വിദേശ മദ്യം, വിദേശനിർമ്മിത വിദേശ മദ്യം, സ്പിരിറ്റ്, കള്ള്, ചാരായം, അരിഷ്ടം, വ്യാജമദ്യം എന്നിവ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ അബ്കാരി ആക്ടിലെ 67 ബി വകുപ്പ് പ്രകാരം സർക്കാരിലേക്ക് കണ്ടുകെട്ടി നശിപ്പിക്കുന്നതിനും സ്പിരിറ്റ് സർക്കാരിലേക്ക് മുതൽ കൂട്ടുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. വിദ്യാർഥികളിലെ ലഹരി ഉപയോഗം തടയുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ ബോധവൽക്കരണ ക്യാമ്പ് നടത്തിവരുന്നുണ്ടെന്നും ടി പദ്ധതിയിൽ സ്പോർട്സ്കൂടി ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുമെന്നും ലഹരിക്കേസുകളിലെ  പ്രതികൾക്കെതിരെ Prevention of Illicit Traffic in Narcotic Drugs and Psychotropic Substances Act (PITNDPS Act)-ലെ വകുപ്പുകൾപ്രകാരമുള്ള കേസുകൾ ചാർജ് ചെയ്ത് യഥാസമയം കുറ്റപത്രം സമർപ്പിക്കുന്നുണ്ടെന്നും  ലഹരിക്ക് അടിമപ്പെടുന്നവരെ ചികിത്സിക്കുന്നതിനുള്ള സംവിധാനങ്ങൾ 14 കേന്ദ്രങ്ങളിൽ ഒരുക്കിയിട്ടുണ്ടെന്നും  വാർഡുതല ജാഗ്രതാ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

3 (*3) പോലീസ് സ്റ്റേഷനുകൾക്ക് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, 2021-ൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷനെയും 2023-ൽ കുറ്റിപ്പുറം സ്റ്റേഷനെയും 2024-ൽ ആലത്തൂർ സ്റ്റേഷനെയും BPR&D പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ പുരസ്കാരത്തിനായി തിരഞ്ഞെടുത്തിട്ടുണ്ടെന്നും കൂടുതൽ പോലീസ് സ്റ്റേഷനുകളെ മികവിലേക്ക് ഉയർത്തുന്നതിനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സഭയെ അറിയിച്ചു. സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളെയും ജനമൈത്രി പോലീസ് സ്റ്റേഷനുകളാക്കി ഉയർത്തുകയും ജനങ്ങൾക്ക് പരമാവധി സേവനങ്ങൾ നേരിട്ട് ലഭ്യമാക്കുന്നവിധം പോലീസ് സംവിധാനങ്ങളെ ആധുനികവൽക്കരിക്കുകയും പരാതികൾ ഓൺലൈനായി സ്വീകരിക്കുന്നതിനും 'ആക്സിഡന്റ് ജനറൽ ഡയറി എൻട്രി', FIR-ന്റെ പകർപ്പ്, ഉച്ചഭാഷിണികൾക്കുള്ള അനുമതി, പാസ്പോർട്ട് വെരിഫിക്കേഷൻ തുടങ്ങിയവയ്ക്കുമായി 'THUNA', 'POL-APP' സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. സ്വദേശത്തും വിദേശത്തും നിന്ന് പരാതികൾ സമർപ്പിക്കുന്നതിനും അവയിന്മേൽ സ്വീകരിച്ച നടപടികൾ അറിയുന്നതിനും Online/Virtual Policing സംവിധാനവും സാക്ഷികൾക്ക് ഓൺലൈനായി

മൊഴി രേഖപ്പെടുത്തുന്നതിന് വീഡിയോ കോൺഫറൻസിംഗ് സംവിധാനവും ഒരുക്കിയിട്ടുണ്ട്. സ്റ്റേഷനുകളിൽ CCTV ക്യാമറ റെക്കോഡിംഗ് സംവിധാനം ആരംഭിച്ചുവഴി പ്രവർത്തനങ്ങൾ കൂടുതൽ സുതാര്യമാക്കാൻ സാധിച്ചിട്ടുണ്ട്. സ്റ്റേഷനുകളിൽ എത്തിച്ചേരുന്നവർക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കുന്നതിനൊടൊപ്പം ഇവരെ സഹായിക്കുന്നതിന് ഒരു P.R.O-യെ നിയോഗിക്കുകയും വയോജനങ്ങൾ, കിടപ്പുരോഗികൾ, ഒറ്റയ്ക്ക് താമസിക്കുന്നവർ എന്നിവർക്ക് ജനമൈത്രി ബീറ്റ് ഓഫീസർമാർ, കമ്യൂണിറ്റി റിലേഷൻ ഓഫീസർമാർ എന്നിവരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. 33 പോലീസ് സ്റ്റേഷൻ കെട്ടിടങ്ങൾ പുതിയതായി നിർമ്മിക്കുന്നതിനും വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന പോലീസ് സ്റ്റേഷനുകളെ സ്വന്തം കെട്ടിടങ്ങളിലേക്ക് മാറ്റുന്നതിനും വനിതാ പോലീസ് ഉദ്യോഗസ്ഥർക്കായി പ്രത്യേക വിശ്രമമുറികൾ നിർമ്മിക്കുന്നതിനും സ്റ്റേഷനുകൾക്ക് മതിയായ വാഹനങ്ങൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. 148 പോലീസ് സ്റ്റേഷനുകൾ ശിശുസൗഹൃദമാക്കുകയും പുതിയതായി 70 സ്കൂളുകളിൽ എസ്.പി.സി സംവിധാനം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സാമ്പത്തിക, സൈബർ കുറ്റകൃത്യങ്ങൾ കണ്ടെത്തുന്നതിന് Face Recognition System

(i-COPS), 24 മണിക്കൂറും പ്രവർത്തിക്കുന്ന ഹെൽപ്പ്ലൈൻ നമ്പർ-1930 എന്നിവ സജ്ജമാക്കിയിട്ടുള്ളതുകൂടാതെ സമൂഹ മാധ്യമങ്ങൾവഴി സൈബർ ബോധവൽക്കരണ വീഡിയോകളും പോസ്റ്ററുകളും പ്രചരിപ്പിക്കുകയും ചെയ്യുന്നുണ്ട്. മയക്കുമരുന്നിന്റെയും ലഹരിയുടെയും വ്യാപനം തടയുന്നതിനും കുറ്റവാളികളെ നിയമത്തിന്റെ മുന്നിലെത്തിക്കുന്നതിനും കർശന നടപടി സ്വീകരിച്ചിട്ടുണ്ടെന്നും സാമ്പത്തിക തട്ടിപ്പ് നടത്തുന്ന നിരവധി ആപ്പുകളും വെബ്സൈറ്റുകളും ബാങ്ക് അക്കൗണ്ടുകളും സൈബർ പട്രോളിംഗിലൂടെ പ്രവർത്തനരഹിതമാക്കാൻ സാധിച്ചിട്ടുണ്ടെന്നും സൈബർ തട്ടിപ്പുകളിൽനിന്നും സുരക്ഷയൊരുക്കുക എന്ന ലക്ഷ്യത്തോടെ സൈബർ വാൾ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും പോലീസ് സേനയിലെ അംഗബലം വർധിപ്പിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

4 (*4) <u>വാഹനാപകടങ്ങൾ തടയാൻ നടപടി</u>

മുഖ്യമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് റോഡ് സുരക്ഷയ്ക്കായി വിവിധ പദ്ധതികളാവിഷ്കരിച്ച് നടപ്പാക്കിയതിലൂടെ റോഡപകട മരണനിരക്ക് കുറയ്ക്കാൻ സാധിച്ചിട്ടുണ്ടെന്നും ഭാവിയിൽ റോഡുകളും ജങ്ഷനുകളും

പൊതുഗതാഗത സംവിധാനങ്ങളും ആസൂത്രണം ചെയ്യുന്നതിന് IRC, MoRTH മാനദണ്ഡങ്ങൾ പാലിക്കണമെന്ന് നിർദേശം നൽകിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. തുടർച്ചയായി അപകടങ്ങൾ സംഭവിക്കുന്ന 'ബ്ലാക്ക് സ്പോട്ടുകൾ' അപകടരഹിതമാക്കുന്നതിന് 'ബ്ലാക്ക് സ്പോട്ട് മാനേജ്മെന്റ് സ്റ്റഡി' നടപ്പിലാക്കുകയും 93 ബ്ലാക്ക്സ്പോട്ട് ഇടനാഴികളിൽ ഹ്രസ്വകാല തിരുത്തലുകൾ വരുത്തുകയും ആറ് 'ലെയ്നിംഗ് സ്ട്രെച്ചുകളിൽ' 'വർക്ക് സോൺ സേഫ്റ്റി' ഉറപ്പാക്കാൻ നാഷണൽ ഹൈവേ അതോറിറ്റിയോട് നിർദേശിക്കുകയും ചെയ്തിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. വാഹനങ്ങൾ ഉൾപ്പെടുന്ന അപകടങ്ങൾ വിലയിരുത്തുന്നതിന് സംസ്ഥാനതല കമ്മിറ്റിയും ഡിപ്പോകളിൽ ഓരോ ടീമും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് എ.ഐ. ക്യാമറകൾ ഉൾപ്പെടെയുള്ള എൻഫോഴ്സ്മെന്റ് നടപ്പാക്കുകവഴി വാഹന നിയമലംഘനങ്ങൾക്കെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നുണ്ട്. മദ്യപിച്ച് വാഹനം ഓടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് "Operation Road Safety" എന്ന പദ്ധതി നടപ്പാക്കുകയും നൈറ്റ് എൻഫോഴ്സ്മെന്റ് പട്രോളിംഗ്, ഹൈവേ പട്രോളിംഗ്, മൊബൈൽ പട്രോളിംഗ് എന്നിവയിലൂടെ രാത്രികാല നിയമലംഘനങ്ങൾ കണ്ടെത്തുകയും വിശേഷാവസരങ്ങളിൽ പോലീസും

മോട്ടോർ വാഹന വകുപ്പും സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്യുന്നുണ്ട്. 'സിറ്റിസൺ സെന്റിനൽ ആപ്പ്' നടപ്പിലാക്കിയതുവഴി ആക്സിഡന്റ് മോണിറ്ററിംഗും ബോധവൽക്കരണവും ശക്തിപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യബസ്സുകൾ, ലോറികൾ എന്നിവയുടെ അമിതവേഗത്തിന് നിയന്ത്രണമേർപ്പെടുത്തിയതിനുപുറമെ ചരക്കു വാഹനങ്ങൾക്ക് രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 3 മണി മുതൽ 5 മണി വരെയും പ്രധാന നിരത്തുകളിൽ നിയന്ത്രണം ഏർപ്പെടുത്തുകയും ഓവർ ലോഡിംഗ് ഉൾപ്പെടെയുള്ള നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുകയും ചെയ്യുന്നുണ്ട്. വാഹനങ്ങളുടെ അമിത വേഗം തടയുന്നതിന് വാഹനങ്ങളിൽ ബാർ കോഡും റോഡുകളിൽ ജിയോ ഫെൻസിംഗും സ്ഥാപിക്കുന്ന കാര്യം പരിശോധിക്കുമെന്നും വർധിച്ചുവരുന്ന റോഡപകടങ്ങൾ തടയുന്നതിന് കൂടുതൽ സുരക്ഷാമാർഗങ്ങൾ ആലോചിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

5 (*5) <u>അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതി</u>

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ചുമതലപ്പെടുത്തിയതുപ്രകാരം തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി

(ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ഭക്ഷണം, ആരോഗ്യം, വാസസ്ഥലം, വരുമാനം എന്നീ ക്ലേശഘടകങ്ങളെ അടിസ്ഥാനപ്പെടുത്തി നടത്തിയ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയയിലൂടെ 64006 കുടുംബങ്ങളെ കണ്ടെത്തിയിട്ടുണ്ടെന്നും അതിൽ 44539 കുടുംബങ്ങളെ (69.59%) അതിദാരിദ്ര്യത്തിൽനിന്നും മുക്തമാക്കിയിട്ടുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിയുടെ ഭാഗമായി "അവകാശം അതിവേഗം" എന്ന പേരിൽ അവകാശ രേഖകൾ നൽകൽ, ഭക്ഷണം, ആരോഗ്യ സേവനങ്ങൾ, സാമൂഹ്യ സുരക്ഷാ പെൻഷൻ, വാസസ്ഥലം, ഉപജീവന മാർഗ്ഗം/വരുമാനമാർഗ്ഗം ലഭ്യമാക്കൽ, ഭവന പുനരുദ്ധാരണ ധനസഹായം, പുനരധിവാസം തുടങ്ങിയ സേവനങ്ങളും നൽകിവരുന്നുണ്ട്. അതിദരിദ്ര പട്ടികയിലുൾപ്പെട്ട വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം പഠനോപകരണങ്ങൾ, കുട, ബാഗ്, ഉച്ചഭക്ഷണം, പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ എന്നിവ ലഭ്യമാക്കുകയും കായിക വികസനം ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകൾ നടപ്പിലാക്കുകയും എസ്.എസ്.എൽ.സി. പാസ്സായ 554 കുട്ടികൾക്ക് അവരുടെ വീടുകൾക്ക് അടുത്തുതന്നെ തുടർപഠനത്തിന് അഡ്മിഷൻ നൽകുകയും 1767 കുട്ടികൾക്ക് കെ.എസ്.ആർ.ടി.സി./സ്വകാര്യ ബസ്സുകളിൽ

സൗജന്യയാത്ര അനുവദിക്കുകയും വിദ്യാർഥികൾക്ക് പഠനമുറി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളുടെ പദ്ധതിയികളിലുൾപ്പെടുത്തിയും സഹായം നൽകിവരുന്നുണ്ട്. ഇതിനുപുറമെ ലൈഫ് ഭൂരഹിത ഭവനരഹിത പട്ടികയിലും അതിദരിദ്ര പട്ടികയിലും ഉൾപ്പെട്ട അതിദരിദ്ര വിഭാഗത്തിൽപ്പെട്ട കുടുംബങ്ങൾക്ക് ഭൂമിയും വീടും ലഭ്യമാക്കുന്നതിനായി 2025 ജനുവരി മാസത്തിൽ 'മനസ്സോടിത്തിരി മണ്ണ്' ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. അതിദരിദ്ര കുടുംബങ്ങൾക്ക് ഉപജീവനമാർഗം ലഭ്യമാക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതിയിൽ 100% സബ്സിഡി നൽകുന്നതുസംബന്ധിച്ച ശിപാർശ സർക്കാർ പരിഗണിച്ചുവരികയാണെന്നും 2025 നവംബർ 1-ഓടുകൂടി കേരളത്തെ ഇന്ത്യയിലെ ആദ്യത്തെ അതിദരിദ്രരില്ലാത്ത സംസ്ഥാനമായി പ്രഖ്യാപിക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.